# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T2881 — 19.06.14 ൽ - മറുപടിക്ക്

## എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എ.പി.എൽ. വിഭാഗക്കാരായ റേഷൻകാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിന് കളക്ടറേറ്റുകളിൽ എത്ര അപേക്ഷകൾ പെൻഡിംഗായി കിടക്കുന്നു; അവ ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് എ.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻകാർഡുകൾ ബി.പി.എൽ ആക്കി മാറ്റുന്നതിന് കളക്ട്രേറ്റുകളിൽ 75125 അപേക്ഷകൾ തീർപ്പുകൽപ്പിക്കുവാനുണ്ട്. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 34253 |
| കൊല്ലം | - | ഇല്ല |
| ആലപ്പുഴ | - | ഇല്ല |
| പത്തനംതിട്ട | - | ഇല്ല |
| കോട്ടയം | - | 1295 |
| എറണാകുളം | - | ഇല്ല |
| തൃശ്ശൂർ | - | 1386 |
| പാലക്കാട് | - | ഇല്ല |
| മലപ്പുറം | - | 135 |
| കോഴിക്കോട് | - | 3200 |
| വയനാട് | - | 4781 |
| കണ്ണൂർ | - | 17994 |
| കാസർഗോഡ് | - | 12081 |
| ആകെ | | 75125 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ബി.പി.എൽ. ആയി മാറ്റുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) 2009-ലെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടവരും, ആശ്രയ പദ്ധതിയിൽ അംഗമായുള്ളവർ, മാനസികവും ശാരീരികവുമായ വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികൾ, ഡയാലിസിസിന് വിധേയരാകുന്നവർ, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നിവരെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി ജില്ലാകളക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾക്കനുസൃതമായി അന്വേഷണം നടത്തി മുൻഗണനാക്രമത്തിൽ ബി.പി.എൽ കാർഡുകൾ നൽകുന്നതിന് ഉത്തരവാകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം താലൂക്കിൽ ശ്രീ. നടരാജൻ ചെട്ടിയാർ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിന്മേൽ ജില്ലാ സപ്ലൈ ഓഫീസിൽ നിലവിലുള്ള 3192/2014 നമ്പർ ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഈ പരാതി എത്രയുംവേഗം തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 3192/04-൨൦ നമ്പരായ ശ്രീ. നടരാജൻ ചെട്ടിയാരുടെ ബി.പി.എൽ കാർഡിനു വേണ്ടിയുളള അപേക്ഷയിൽ ബി.പി.എൽ കാർഡ് നൽകുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. കാർഡ് ഉടൻ തന്നെ നൽകുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ബി.പി.എൽ കാർഡുകൾക്കുവേണ്ടിയുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇവ എത്രയും വേഗം തീർപ്പുകൽപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അനർഹരായ ആളുകൾ കൈവശം വച്ചിരിക്കുന്ന ബി.പി.എൽ കാർഡുകൾ എ.പി.എൽ കാർഡുകളാക്കി മാറ്റുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്ക് പുതിയ അപേക്ഷകൾ പരിഗണിച്ച് ബി.പി.എൽ കാർഡുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ